"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ത.സ്വ.ഭ.വ - ലൈഫ് മിഷൻ - മൂന്നാംഘട്ടം - ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസം - മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(കൈ) നം.85/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/05/2020

---

പരാമർശം:- 1 സ.ഉ(എം.എസ്) നം.151/2017/ത.സ്വ.ഭ.വ തീയതി: 31.07.2017.

2 സ.ഉ(എം.എസ്) നം.92/2019/ത.സ്വ.ഭ.വ തീയതി: 16.07.2019.

3 സ.ഉ(എം.എസ്) നം.93/2019/ത.സ്വ.ഭ.വ തീയതി: 18.07.2019.

4 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 24.04.2020 തീയതിയിലെ എൽ.എഫ്.2/511/ലൈഫ് നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശത്തിലെ ഉത്തരവുകൾക്ക് തുടർച്ചയായി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് ഭവനം നൽകുന്നതിനു വേണ്ടി മൂന്നാം ഘട്ടത്തിൽ സ്വീകരിക്കാവുന്ന പ്രവർത്തന രീതികൾ സംബന്ധിച്ച് അനുബന്ധമായി ചേർത്തിരിക്കുന്ന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും.

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും.

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും.

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്മാർക്കും സെക്രട്ടറിമാർക്കും.

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

മെംമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.

ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്,തിരുവനന്തപുരം.

കമ്മീഷണർ & സെക്രട്ടറി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്.

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ.

എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

എല്ലാ ജില്ലാ ആസൂത്രണ സമിതി മെംബർ സെക്രട്ടറിമാർക്കും.

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.

എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും.

എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസ്സോസിയേഷൻ.

ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ.

സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ.

സെക്രട്ടറി, ജില്ല പഞ്ചായത്ത് പ്രസിഡന്റ്മാരുടെ ചേംബർ.

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും.

## ലൈഫ് മിഷൻ

## മൂന്നാംഘട്ടം ഭൂരഹിതഭവനരഹിതരുടെ പുനരധിവാസം

## മാർഗ്ഗരേഖ

ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങൾക്ക് മാന്യവും സുരക്ഷിതവുമായ ഭവനങ്ങളും ജീവനോപാധികളും ലഭ്യമാക്കുന്ന കേരള സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയാണ് ലൈഫ് മിഷൻ. ലൈഫ് മിഷന്റെ 1,2 ഘട്ടങ്ങളിലായി ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം ലഭ്യമാക്കുന്ന പ്രവർത്തനമാണ് ഏറ്റെടുത്തിട്ടുള്ളത്. ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭവനവും ജീവനോപാധിയും നൽകുകയാണ് മൂന്നാംഘട്ടത്തിൽ ഏറ്റെടുക്കുന്നത്. പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം മൂന്നാംഘട്ട ലിസ്റ്റിലെ കുടുംബങ്ങളുടെ അർഹതാ പരിശോധന നടത്തി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. ലിസ്റ്റിൽ അർഹരായി കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് ഭവനവും ജീവനോപാധികളും സമയബന്ധിതമായി നൽകുന്നതിന് താഴെ പറയുന്ന കർമ്മപരിപാടി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും തയ്യാറാക്കേണ്ടതാണ്.

കേരളത്തിലെ ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭൂമിയുടെ അളവ് പരിഗണിക്കുമ്പോൾ ഭവന സമുച്ചയങ്ങൾക്ക് തന്നെയാണ് പ്രഥമ പരിഗണന നൽകേണ്ടത്. എന്നാൽ വളരെ കുറഞ്ഞ ഗുണഭോക്താക്കൾ ഉള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഭൂമി കണ്ടെത്താൻ കഴിയാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മറ്റ് രീതികളും അവലംബിക്കാവുന്നതാണ്. മൂന്നാംഘട്ടത്തിൽ സ്വീകരിക്കാവുന്ന പ്രവർത്തന രീതികൾ താഴെ ചേർക്കുന്നു.

### 1. ഭവന സമുച്ചയങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലും വിവിധ സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലും ഭവന സമുച്ചയ നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്ന സ്ഥലങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്/തനത് ഫണ്ട് ഉപയോഗിച്ച് ഭൂമി വാങ്ങാൻ കഴിയുന്ന സ്ഥലങ്ങളിലും, സംഭാവനയായി ഭൂമി ലഭ്യമാക്കുന്ന ഇടങ്ങളിലും ഭവന സമുച്ചയങ്ങൾ നിർമ്മിക്കാൻ കഴിയും. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും (50 സെന്റ് ഭൂമിയിൽ 44 കുടുംബങ്ങൾക്കുള്ള ഭവനസമുച്ചയം). അനുയോജ്യമായ ഭൂമി കണ്ടെത്തി ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്, എം.എൽ.എ. ഫണ്ട്, സ്പോൺസർഷിപ്പ് എന്നിവയിലൂടെ ഭവന സമുച്ചയങ്ങൾ നിർമ്മിക്കാവുന്നതാണ്. കൂടാതെ ഭവനസമുച്ചയ നിർമ്മാണ ചെലവ് ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ കണ്ടെത്തി സംസ്ഥാന സർക്കാർ വിഹിതം കൂടി ഉൾപ്പെടുത്തി ലൈഫ് മിഷനുമായി പാർട്ണർഷിപ്പ് വ്യവസ്ഥയിലും സമുച്ചയം നിർമ്മിക്കാവുന്നതാണ്.

ഭവന സമുച്ചയങ്ങൾ ലൈഫ് മിഷൻ സർക്കാർ ഫണ്ട് ഉപയോഗിച്ചും നിർമ്മിക്കുന്നതാണ്. കൂടാതെ സ്പോൺസർഷിപ്പ്, പർട്ട്ണർഷിപ്പ് വ്യവസ്ഥയിലും കൂടുതൽ ഭവന സമുച്ചയങ്ങൾ നർമ്മിക്കുന്നതിന് മിഷൻ നേതൃത്വം വഹിക്കുന്നതാണ്.

## 2. ഗുണഭോക്താക്കൾ സ്വന്തമായി ഭൂമി ആർജ്ജിക്കൽ

ലൈഫ് മൂന്നാംഘട്ട ലിസ്റ്റിലുള്ള ഗുണഭോക്താക്കൾ സ്വന്തം നിലക്ക് ഭവന നിർമ്മാണത്തിനുള്ള ഭൂമി ആർജ്ജിക്കുന്നത് പരമാവധി പ്രോത്സാഹിപ്പിക്കണം. ഇത്തരത്തിൽ ഭൂമി ആർജ്ജിക്കുന്നവർക്ക് ഭവന നിർമ്മാണത്തന് ധനസഹായം അനുവദിക്കാവുന്നതാണ്.

## 3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭൂമി വാങ്ങി നൽകൽ

അർഹരായ ഗുണഭോക്താക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭൂമി വാങ്ങുന്നതിന് 26.09.2019-ലെ ഡി.ബി 1/304/19/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം ധനസഹായം നൽകാവുന്നതാണ്. ഭൂമി ലഭ്യമാക്കുന്ന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കാവുന്നതാണ്.

## 4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമി ലഭ്യമാക്കൽ

ഭവന സമുച്ചയ നിർമ്മാണം പ്രായോഗികമല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമി അർഹരായ ഗുണഭോക്താക്കൾക്ക് മുൻഗണനാക്രമത്തിൽ 3 സെന്റ് വീതം അനുവദിച്ച് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാവുന്നതാണ്.

## 5. ഭവന നിർമ്മാണം

സ്വന്തമായ ഭൂമി വാങ്ങിയതോ, തദ്ദേശസ്വയംഭരണ സ്ഥാപനം ഭൂമല വാങ്ങി നൽകിയതോ, മറ്റ് വകുപ്പുകൾ മുഖാന്തിരം ഭൂമി ലഭ്യമാക്കിയതോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമി ലഭ്യമാക്കിയതോ ആയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം മുൻഗണനാ പ്രകാരം അനുവദിക്കാവുന്നതാണ്. 30-ൽ താഴെ ഗുണഭോക്താക്കളുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2020-21-ൽ തന്നെ എല്ലാവർക്കും ഭൂമി ലഭ്യമാക്കി വീട് നൽകുന്നതിനുള്ള ഒരു കർമ്മ പരിപാടി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ആവിഷ്കരിക്കേണ്ടതും ഇതിനായി ഗ്രാമപഞ്ചായത്ത്/ നഗരസഭാ ഫണ്ട്/ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ്. 30-ൽ കൂടുതൽ ഗുണഭോക്താക്കൾ ഉള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭവന സമുച്ചയം നിർമ്മിച്ച് നൽകുന്നതിനുള്ള സാധ്യത പരിഗണിക്കണം. ആയത് പ്രായോഗികമല്ലത്ത സാഹചര്യത്തിലും എല്ലാ ഗുണഭോക്താക്കൾക്കും ഭവന സമുച്ചയങ്ങൾ നിർമ്മിക്കാൻ കഴിയാത്ത സാഹചര്യത്തിലും മുകളിൽ സൂചിപ്പിച്ചിട്ടുള്ള മാർഗ്ഗങ്ങളിലൂടെ ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമാക്കി മുൻഗണനാ പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം നൽകേണ്ടതാണ്.

6. <u>വിഭവസമാഹരണം</u>

തദ്ദേശസ്വയംഭരണങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ത്രിതല പഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിച്ചാണ് ഗ്രാമപഞ്ചായത്തുകളിൽ ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമാക്കേണ്ടത്. നഗരസഭകളിൽ നഗരസഭകളുടെ ഫണ്ടും ഭൂമി വാങ്ങി നൽകുന്നതിന് ഉപയോഗിക്കേണ്ടതാണ്. ഭൂമി ലഭ്യമായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം താഴെ പറയുന്ന രീതിയിൽ കണ്ടെത്തേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിന്റെ 20% ത്തിൽ കുറയാത്ത തുക 2020-21 ൽ ലൈഫ് മൂന്നാംഘട്ടത്തിന് മാറ്റിവെയ്ക്കേണ്ടതാണ്.

7. രണ്ടാംഘട്ടത്തിൽ ഫണ്ട് ഇനിയും ആവശ്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭവനനിർമ്മാണ മേഖലക്കായി മാറ്റിവെച്ച 20% ത്തിൽ കുറയാത്ത തുകയിൽ നിന്നും ആവശ്യമായ തുക വകയിരുത്തേണ്ടതും, ബാക്കിയുള്ള മുഴുവൻ തുകയും മൂന്നാംഘട്ടത്തിന്റെ പൂർത്തീകരണത്തിനായി വകയിരുത്തേണ്ടതുമാണ്. ഇപ്രകാരം ലൈഫ് രണ്ടും മൂന്നുംഘട്ടം പൂർത്തിയാക്കാതെ പദ്ധതി വിഹിതത്തിൽ നിന്നും ഭവന നിർമ്മാണ മേഖലയ്ക്കായി മാറ്റിവെച്ചിട്ടുള്ള 20% -ൽ കുറയാതെയുള്ള തുക പാർപ്പിട മേഖലയിലേതടക്കമുള്ള മറ്റ് പദ്ധതികൾക്കുവേണ്ടി വകയിരുത്തുവാൻ പാടുള്ളതല്ല. ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്കും ഈ നിബന്ധന ബാധകമായിരിക്കും. 2020-21-ൽ തന്നെ ഭൂമി ലഭ്യമായ പരമാവധി ഗുണഭോക്താക്കൾക്ക് ഭവനം ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനായി വകയിരുത്തുന്ന തുക (പ്ലാൻ ഫണ്ട്/ തനത് ഫണ്ട് എന്നിവ ഉപയോഗിച്ച്) യുടെ അത്രയും തന്നെ തുക ഈ വർഷം സർക്കാർ വിഹിതമായി അനുവദിക്കുന്നതാണ് (പങ്കാളിത്ത വികസന മാതൃകയിൽ).

2020-21 വർഷത്തെ പദ്ധതിയിൽ ലൈഫ് മൂന്നാംഘട്ട പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുകളിൽ സൂചിപ്പിച്ച പ്രകാരം സമഗ്രമായ പദ്ധതി തയ്യാറാക്കുകയും മൂന്നാംഘട്ടത്തിലെ ഗുണഭോക്താക്കൽക്കായി ഭവനം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടതാണ്.